## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി.

**വിഷയം:** വനം വകുപ്പ് - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരെ സ്ഥലംമാറ്റികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**സൂചന:** 1. ശ്രീമതി.ശാലിനിമോൾ.എസ്. 07.01.2019-ൽ സമർപ്പിച്ച അപേക്ഷ.
2. 25.02.2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017/ഉഭപവ.

**ഉത്തരവ് നമ്പർ ഇ2-8198/12. തീയതി : 18.06.2019**

വനം വകുപ്പ് ആസ്ഥാനത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീമതി.ശാലിനിമോൾ.എസ്. സ്വദേശമായ കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

വനം വകുപ്പ് ആസ്ഥാനത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിവരവെ കൊല്ലം ജില്ലയിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ സൗത്ത്) ഓഫീസിലേക്ക് വനം വകുപ്പ് ആസ്ഥാനത്ത് നിന്നും ശ്രീമതി.ശാലിനിമോൾ.എസ്-ന് 18.07.2018 തീയതിയിലെ ഇ2-8157/12-ാം നമ്പർ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയിരുന്നെങ്കിലും ടി ഓഫീസിന്റെ പ്രവർത്തനം അവസാനിച്ചതിനെ തുടർന്ന് ടി ഓഫീസിലുണ്ടായിരുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക 28.12.2018-ലെ ഇ3-63508/18-ാം നമ്പർ ഉത്തരവ് പ്രകാരം വനം വകുപ്പ് ആസ്ഥാനത്തേക്ക് പുനർ വിന്യസിച്ചതിന്റെ ഭാഗമായി ടിയാൾ വനംവകുപ്പ് ആസ്ഥാന ഓഫീസിലേക്ക് സ്ഥലമാറ്റപ്പെടുകയുണ്ടായി. കേവലം മൂന്ന് മാസം മാത്രമേ ടിയാൾക്ക് സ്വന്തം ജില്ലയിൽ ജോലി നോക്കുവാൻ കഴിഞ്ഞുള്ളു. നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ശ്രീമതി.ശാലിനിമോൾ.എസ്. കൊല്ലം ജില്ലയിലേക്ക് സ്ഥലമാറ്റത്തിന് അർഹതയുണ്ട്.

കൊല്ലം ജില്ലയിൽ ശ്രീമതി.ബിന്ദു.വി., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കഴിഞ്ഞ 3 വർഷത്തിലധികമായി ജോലി നോക്കിവരികയാണ്.

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയും പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് തസ്തിക | ഇപ്പോൾ ജോലി നോക്കുന്ന സ്ഥലം | സ്ഥലംമാറ്റി നിയമിക്കപ്പെട്ട ഓഫീസ്. |
|---|---|---|---|
| 1. | ശ്രീമതി. ശാലിനിമോൾ.എസ്., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | O/o ചീഫ് വെറ്ററിനറി ഓഫീസർ, തിരുവനന്തപുരം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം ശ്രീമതി.ബിന്ദു.വി.ക്ക് പകരം. |
| 2. | ശ്രീമതി.ബിന്ദു.വി. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം | O/c ചീഫ് വെറ്ററിനറി ഓഫീസർ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം. |

സൂസൻ ഗോപി.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

1. വ്യക്തികൾക്ക് (മേലധികാരി മുഖാന്തിരം)
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) അറിവിലേക്ക്.
3. ചീഫ് വെറ്ററിനറി ഓഫീസർ അറിവിലേക്ക്.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കൊല്ലം/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച് സെന്റർ) അറിവിനും തുടർനടപടിക്കും.